# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.410

### 28-02-2017 ൽ മറുപടിക്ക്

**'കിഫ്ബി'യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ. ടി. എ. അഹമ്മദ് കബീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 ലെ ബഡ്ജറ്റിൽ 'കിഫ്ബി 'യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; പ്രവർത്തന പുരോഗതി വിശദമാക്കാമോ; | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, കോസ്റ്റ് ബനിഫിറ്റ് അനാലിസിസ് എന്നിവ പരിശോധിച്ച് 07.11.2016 ൽ കൂടിയ 27 ാമത് കിഫ് ബോർഡ് യോഗം 4004.86 കോടി രൂപയുടെ 48 പദ്ധതികൾക്ക് അംഗീകാരം നൽകി. ടി പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ അഥവാ SPV പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്റ്റ് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്റ്റ് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ |

| | |
|---|---|
| | ഘട്ടത്തിലാണ്. കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്കാവശ്യമായ തുക നിലവിലെ ഫണ്ടിൽ നിന്നും കണ്ടെത്തുവാൻ കിഫ്ബി പ്രാപ്തമാണ്. കൂടാതെ 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതിയും, പെട്രോളിന്മേലുള്ള സെസ്സും കിഫ്ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. ടി പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, ജല വിഭവം, ആരോഗ്യം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും 08.08.2016 ലെ സ.ഉ. (കൈ) നം. 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്ടിലേയും, സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മ പരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന |

| | |
|---|---|
| | പദ്ധതികൾക്ക് കിഫ്ബി ധനസഹായം നൽകുന്നു. ബോർഡ് അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക കിഫ്ബി വെബ് സൈറ്റിൽ ലഭ്യമാണ്. |
| (സി) കിഫ്ബിയിൽ ലഭിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടത്തിപ്പിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടിയിൽ അവശേഷിച്ച 873.85 കോടി, പുന:സംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.4 കോടിയിൽ 28.14 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 1350.09 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനു പുറമേ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനത്തിൽ ശേഷിച്ച തുകയായ 253.29 കോടി രൂപ കൂടി കിഫ്ബിക്ക് അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ / സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | വകുപ്പ് | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | ആരോഗ്യ-കുടുംബക്ഷേമം | പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 2 | വനം-വന്യജീവി | പദ്ധതികളുടെ ഗുണഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള സംസ്ഥാന തലത്തിലും, സർക്കിൾ തലത്തിലും പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റുകളെ നിയമിച്ചിട്ടുണ്ട്. |
| 3 | ജലവിഭവം | മിക്ക പദ്ധതികൾക്കും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.<br>ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഏതാനും ചില പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 4 | വിവര സാങ്കേതികം | ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റിനെ നിയമിച്ചിട്ടുണ്ട്. |
| 5 | പൊതുമരാമത്ത് | അമ്പലപ്പുഴ-തിരുവല്ല റോഡിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വിവിധ റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടന്നു വരികയാണ്.<br>തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ കൈക്കൊള്ളുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഇടക്കാല ഉപദേഷ്ടാവായി നിയമിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| 6 | വ്യവസായം | ഭൂമി ഏറ്റെടുക്കലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതായിട്ടുണ്ട്. |

SECTION OFFICER